(സി) ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാവകുപ്പും സംയുക്തമായാണോ ഇത്തരം റെയ്ഡുകൾ നടത്തുന്നത് ;

(ഡി) പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 54 സ്ഥാപനങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാവകുപ്പ് മാത്രമാണ് പ്രസ്തുത പരിശോധനകളിൽ പങ്കെടുത്തിട്ടുള്ളത്.

(ഡി) പരിശോധനാഫലം ലഭ്യമാകുന്നമുറയ്ക്ക് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

68 (2277) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ആക്ട് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുതആക്ടിൽ സർക്കാർ ആശുപത്രികളും പ്രൈവറ്റ് ആശുപത്രികളും പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിൽ വന്നിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്

LIBRARY ARCHIVES Kerala Legislative Assembly

ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുമേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്.

ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള ലൈസൻസും രജിസ്ട്രേഷനും

69 (2278) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം എത്ര പേർ ലൈസൻസും രജിസ്ട്രേഷനും എടുത്തിട്ടുണ്ടെന്നും നിലവിൽ ഇനി എത്ര പേർ ലൈസൻസും രജിസ്ട്രേഷനും എടുക്കാനുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിപണന മേഖലയിൽ ഭക്ഷ്യവിഷ ബാധ സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ട് ; എത്ര പേർ മരണപ്പെട്ടു ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിഷബാധ തടയുവാനായി ഓരോ വർഷവും എത്ര റെയ്ഡുകൾ നടത്തിയെന്നും പിഴയിനത്തിൽ എത്ര തുക ലഭിച്ചുവെന്നും എത്ര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കിയെന്നും അവയിൽ താൽക്കാലികം എത്രയെന്നും സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ഡി) ഭക്ഷ്യ സുരക്ഷാവകുപ്പിൽ എത്ര ജീവനക്കാരുണ്ട് ; എത്ര പേരുടെ ഒഴിവുകളുണ്ട് ; സർക്കിളുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരില്ല ; ജില്ല തിരിച്ച് ഇവയെ സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഭക്ഷ്യസുരക്ഷാവകുപ്പ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച പി.&എ.ആർ.ഡി. വകുപ്പുപഠനം പൂർത്തിയായോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly